"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരളത്തിലെ പൂട്ടികിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് സൗജന്യമായി ഓണകിറ്റ് വിതരണം ചെയ്യുന്നതിന് ഫണ്ട് വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും( ഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.813/2020/തൊഴില്** തീയതി,തിരുവനന്തപുരം, 17/08/2020

---

പരാമർശം:- ലേബർ കമ്മീഷണറുടെ 06/08/2020- ലെ ഡബ്ള്യൂ 4/11797/19 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോവിഡ്-19 ന്റെ സാഹചര്യത്തിൽ എല്ലാ റേഷൻ കാർഡ് ഉടമകൾക്കും ഓണക്കിറ്റ് നൽകുവാൻ സർക്കാർ തീരുമാനിച്ചതിനാൽ തൊഴിൽ വകുപ്പ് എല്ലാ വർഷവും നൽകുന്ന ഓണകിറ്റിനു പകരമായി നിത്യോപയോഗത്തിന് ആവശ്യമായി വരുന്ന അരി, പഞ്ചസാര, വെളിച്ചെണ്ണ എന്നിവ കൂടിയ അളവിൽ നൽകുന്നത് ഉചിതമായിരിക്കുമെന്ന് ലേബർ കമ്മീഷണർ പരാമർശ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. നിലവിൽ പൂട്ടികിടക്കുന്ന തോട്ടങ്ങളിലെ ആകെ തൊഴിലാളികൾ 2729 ഉം ആകെ കാർഡ് ഉടമകളുടെ എണ്ണം 2037 ഉം ആണെന്നും ആയതിനാൽ താഴെ പറയും പ്രകാരം ഓണകിറ്റ് ഒന്നിന് 936/- രൂപ നിരക്കിൽ 2037 കിറ്റിനുള്ള ആകെ തുകയായ 19,06,632/- രൂപ 2020-21 സാമ്പത്തിക വർഷത്തെ 2230-01-103-62-10 പ്ലാന്റേഷൻ തൊഴിലാളികൾക്കായുള്ള ആശ്വാസനിധി - സംഭാവന ( നോൺ - പ്ലാൻ ) ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 1,10,00,000/- രൂപയിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകണമെന്നുമാണ് ലേബർ കമ്മീഷണർ പരാമർശ കത്ത് പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നത്.

| **നം .** | **ഇനം** | **തൂക്കം (Kg/Lr)** | **തുക ( per 1 Kg/1 Lr)** | **ആകെ തുക (രൂപയിൽ)** |
|---|---|---|---|---|
| 1 | അരി | 20 | 34 | 680 |
| 2 | വെളിച്ചെണ്ണ | 1 | 179 | 179 |
| 3 | പഞ്ചസാര | 2 | 38.50 | 77 |
| ആകെ | | | | 936 |

**ആകെ 2037 റേഷൻ കാർഡിന് 2037 X 936 = 19,06,632/-**

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിൽ പൂട്ടികിടക്കുന്ന തോട്ടങ്ങളിലെ ആകെ കാർഡ് ഉടമകളായ 2037 പേർക്ക് , ഒരു കാർഡ് ഉടമക്ക് മേൽ പറയും പ്രകാരമുള്ള നിത്യോപയോഗ സാധനങ്ങൾ ഉൾപ്പെടുത്തിയ ഓണകിറ്റ് ഒന്നിന് 936/- രൂപ നിരക്കിൽ 2037 കിറ്റിനുള്ള ആകെ തുകയായ 19,06,632/- രൂപ 2020-21 സാമ്പത്തിക വർഷത്തെ 2230-01-103-62-10 പ്ലാന്റേഷൻ തൊഴിലാളികൾക്കായുള്ള ആ ശ്വാസനിധി - സംഭാവന ( നോൺ - പ്ലാൻ ) ശീർഷകത്തിൽ അവശേഷിക്കുന്ന 78,00,000/- രൂപയിൽ നിന്നും വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) ലേബർ കമ്മീഷണർ സപ്ലൈകോ മാനേജിംഗ് ഡയറക്ടറുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സത്യജിത് രാജൻ**
**അഡീഷണൽ ചീഫ് സെക്രട്ടറി**

1. ലേബർ കമ്മീഷണർ, തിരുവനന്തപുരം.
2. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ/എ&ഇ), കേരള, തിരുവനന്തപുരം.
4. ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാൻറേഷൻ, കോട്ടയം
5. ജില്ലാ ട്രഷറി ഓഫീസർ,തിരുവനന്തപുരം/ഇടുക്കി/പാലക്കാട്/കൊല്ലം)
6. ഫുഡ് & സിവിൽ സപ്ലൈസ് വകുപ്പ്
7. റവന്യൂ വകുപ്പ്
8. ധനകാര്യ വകുപ്പ്
9. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ).

10. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature Not Verified

Digitally signed by ANISHA VIJAYAN
Date: 2020.08.17 17:27:09 IST
Reason: Approved

സെക്ഷൻ ഓഫീസർ

**പകർപ്പ്-** 1. ബഹു. തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയുടെ പി.എസ്സിന്

2. ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്

3. ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്